പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 2820.

20.06.2013 ൽ മറുപടിക്ക്

**റേഷൻ ക്ഷാമത്തിന് പരിഹാരം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ആർ രാജേഷ് : | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) റേഷൻ ക്ഷാമം രൂക്ഷമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആലപ്പുഴ ജില്ലയിലെ റേഷൻകടകളിൽ കെട്ടിക്കിടക്കുന്ന അരിയുടെ അളവും വിലയും വിശദമാക്കുമോ; | | (എ) റേഷൻ ക്ഷാമം ഉണ്ടായിട്ടില്ല; ആലപ്പുഴ ജില്ലയിലെ റേഷൻകടകളിൽ കെട്ടിക്കിടക്കുന്ന അരിയുടെ അളവും വിലയും ചുവടെ ചേർക്കുന്നു.<br><br>ഉയർന്ന വിലയ്ക്കുള്ള അരി -<br>5 മെ.ടൺ വില 12.70 രൂപ/കിലോ.<br>ഉയർന്ന വിലയ്ക്കുള്ള ഗോതമ്പ് -<br>52.8 മെ.ടൺ വില 9.20 രൂപ/കിലോ.<br>ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീം അരി-148.42 മെ.ടൺ വില-20.50 രൂപ/കിലോ.<br>ബി.പി.എൽ. (എൻ.എസ്). അരി -<br>15.89 മെ.ടൺ വില- 6.20 രൂപ/കിലോ.<br>ബി.പി.എൽ.(എൻ.എസ്).ഗോതമ്പ്-<br>1755.15 മെ.ടൺ വില- 4.70 രൂപ/കിലോ. |
| (ബി) 20.50 രൂപ വിലയുള്ള അരി റേഷൻ കടകളിൽ നിന്നും സബ്സിഡി നിരക്കിൽ വില്ക്കുന്നതിന് നടപടി സ്വീകരിക്കുമോ; | | (ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (സി) ആലപ്പുഴ ജില്ലയിൽ സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും തിരികെ ലഭിച്ച എ.പി.എൽ, റേഷൻ കാർഡുകൾ എത്ര; ഇവ സാമ്പത്തികമായി ദുർബലരായ കുടുംബങ്ങൾക്ക് വിതരണം ചെയ്തോ; വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; | | (സി) സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും എ.പി.എൽ, റേഷൻ കാർഡുകൾ തിരികെ വാങ്ങുവാൻ നിർദ്ദേശം നല്കിയിട്ടില്ല. എന്നാൽ സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും 5066 ബി.പി.എൽ. കാർഡുകൾ തിരിച്ചുപിടിച്ചിട്ടുണ്ട്. ഇവ സാമ്പത്തികമായി ദുർബലരായവർക്കും ക്യാൻസർ പോലുള്ള മാരകരോഗമുള്ളവർക്കുമായി നല്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | എ,എ.വൈ. കാർഡുകൾ നൽകുന്നതിന് ഗുണഭോക്താക്കളെ കണ്ടെത്തിയോ; | (ഡി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ശുപാർശ ചെയ്ത് അയക്കുന്ന ഗുണഭോക്താക്കൾക്ക് എ,എ.വൈ. കാർഡുകൾ നൽകുന്നതാണ്. |
| (ഇ) | എ,എ.വൈ. കാർഡുകൾ എത്രയെണ്ണമാണ് ആലപ്പുഴ ജില്ലയ്ക്ക് നഷ്ടമായത്; ഇതിനു കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; നഷ്ടപ്പെട്ട എ.എ.വൈ. കാർഡുകൾ തിരികെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ'; | (ഇ) | 988 എ,എ.വൈ. കാർഡുകൾ വയനാട് ജില്ലയിലേക്ക് മാറ്റിയിട്ടുണ്ട്. വയനാട് ജില്ലയിൽ കൂടുതൽ ആദിവാസി വിഭാഗങ്ങൾ ഉള്ളതുകൊണ്ടാണ് മാറ്റി നല്കിയത്. കേന്ദ്രസർക്കാർ കൂടുതൽ ഒഴിവുകൾ അനുവദിക്കുമ്പോൾ തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (എഫ്) | ആലപ്പുഴ ജില്ലയിൽ മാരകരോഗികൾക്ക് ബി.പി.എൽ, കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എത്ര ആളുകൾക്ക് ബി.പി.എൽ, കാർഡ് കൊടുത്തിട്ടുണ്ട് ; മാവേലിക്കര മണ്ഡലത്തിൽ കാർഡ് ബി.പി.എൽ. ആക്കി മാറ്റുന്നതിനുള്ള എത്ര അപേക്ഷകരുണ്ട്; കാർഡ് ബി.പി.എൽ. ആക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചോ ? | (എഫ്) | സ്വീകരിച്ചിട്ടുണ്ട്. 330 അപേക്ഷകർക്ക് ബി.പി.എൽ, കാർഡുകൾ നല്കിയിട്ടുണ്ട്. മാവേലിക്കര മണ്ഡലത്തിൽ 237 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 35 പേർക്ക് ബി.പി.എൽ, കാർഡുകൾ നല്കിയിട്ടുണ്ട്. മറ്റുള്ള കാർഡുകൾ ബി.പി.എൽ, കാർഡുകളാക്കി മാറ്റുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ